# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1352 04.12.14 ൽ - മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പദ്ധതി എന്ന് മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വ്യക്തമാക്കാമോ; | (എ) & (ബി) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പദ്ധതി 2014 നവംബർ 1 മുതൽ നടപ്പിലാക്കുന്നതിന് 17.09.2014ലെ സ.ഉ.(കൈ)നം.39/14/ഭ.സി.സ.വ. ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നുവെങ്കിലും കേന്ദ്രസർക്കാർ അനുമതി നൽകാത്തതിനാൽ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.<br><br>പദ്ധതി നടപ്പിലാക്കുന്നതിനായി, മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുക, ആഫീസ് ഓട്ടോമേഷൻ നടപടികൾ പൂർത്തിയാക്കുക, മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുക, മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങളിൽ കൂടിയുളള അലോട്ട്മെന്റ്, വിതരണം എന്നിവ ഓൺ ലൈനിൽ പരിശോധിക്കുന്നതിനുളള സൗകര്യം ഏർപ്പെടുത്തുക എന്നിവ പൂർത്തീകരിക്കുന്നതിനുളള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതോടൊപ്പം കേരളത്തിന്റെ അലോട്ട്മെന്റ് 16.25 ലക്ഷം ടണ്ണായി ലഭ്യമാക്കുക, ഡോർ ഡെലിവറിക്കായി സാമ്പത്തിക സഹായം നൽകുക, ധർമ്മ സ്ഥാപനങ്ങൾക്കുളള ഭക്ഷ്യധാന്യം തുടർന്നും ലഭ്യമാക്കണം തുടങ്ങിയ ആവശ്യങ്ങൾ സംസ്ഥാനം കേന്ദ്രത്തിന്റെ മുമ്പാകെ വച്ചിട്ടുണ്ട്. |
| (ബി) | ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ